പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4922 26.06.2019-ലെ മറുപടിക്ക്

## താൽക്കാലിക നിയമന കാലം പെൻഷന് പരിഗണിക്കൽ

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലിക ജീവനക്കാരായി നിയമനം ലഭിച്ച് പിന്നീട് സ്ഥിരപ്പെടുത്തുന്നവരുടെ താൽക്കാലിക സേവന കാലാവധി പെൻഷന് പരിഗണിക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; | (എ) | ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ; | (ബി) | സമീപിച്ചിട്ടുണ്ട്. |
| (സി) | താത്ക്കാലിക നിയമന കാലാവധി പെൻഷന് പരിഗണിച്ചാൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുന്ന സാഹചര്യം ഉണ്ടാകുമെന്ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; | (സി) | ടി ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയാൽ കെ.എസ്.ആർ.ടി.സിക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബഹു.സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ സുപ്രീംകോടതിയിലുള്ള കേസ് ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ? | (ഡി) | ബഹു.സുപ്രീം കോടതിയിൽ വാദം തുടർന്ന് വരികയാണ്. |

**സെക്ഷൻ ഓഫീസർ**